# മഹാത്മാഗാന്ധി സർവ്വകലാശാല

**കൃഷ്ണമൂർത്തി റ്റി.എസ്.**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447660554

പി.ആർ.ഒ./39/182/2018 2018 ആഗസ്റ്റ് 21

## പത്രക്കുറിപ്പ്

**എം.ബി.എ.പരീക്ഷയ്ക്ക് മാറ്റമില്ല**

സെപ്റ്റംബർ 3ന് നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചിട്ടുള്ള നാലാം സെമസ്റ്റർ എം.ബി.എ. പരീക്ഷയുടെ 'റീട്ടെയിൽ ബിസിനസ് മാനേജ്മെന്റ്' എന്ന പേപ്പറിന്റെ പരീക്ഷയ്ക്ക് മാറ്റമില്ല.

**പ്രൈവറ്റ് ബി.എ./ബി.കോം അപേക്ഷാ തീയതി**

സ്കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യൂക്കേഷന്റെ കീഴിൽ നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ സി.ബി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ സെപ്റ്റംബറിൽ നടത്തും. അപേക്ഷകൾ പിഴയില്ലാതെ സെപ്റ്റംബർ 7 വരെയും 50 രൂപ പിഴയോടെ 10 വരെയും 500 രൂപ സൂപ്പർഫൈനോടെ 12 വരെയും സ്വീകരിക്കും. പേപ്പറൊന്നിന് 20 രൂപ വീതം (സെമസ്റ്ററിന് പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. അപേക്ഷാഫോറം സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷാഫോമിന്റെ വിലയായി 20 രൂപ പരീക്ഷാഫീസിനൊപ്പം അടയ്ക്കേണ്ടതാണ്. ഫീസ് epay.mgu.ac.in എന്ന വെബ്സൈറ്റ് വഴി അടയ്ക്കേണ്ടതാണ്. ബി.എ. അപേക്ഷകൾ പരീക്ഷാവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ IVനും ബി.കോം അപേക്ഷകൾ പരീക്ഷാവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ Xനും നേരിട്ട് സമർപ്പിക്കേണ്ടതാണ്.

**പരീക്ഷാഫലം**

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സി.എസ്.എസ്. റഗുലർ/ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 1 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**